(ഡി) പരമ്പരാഗതമായ കൈത്തറി വ്യവസായത്തിൽ നവീകരണ പ്രക്രിയയുടെ ഭാഗമായി ആധുനിക ഡിസൈനുകൾ കമ്പ്യൂട്ടർ സഹായ ത്തോടെ തറികളിൽ വരുത്തുന്നതിനുതകുന്ന ഒരു പദ്ധതി നടപ്പിലാക്കുന്ന തിന് നടപടികൾ പൂർത്തിയായിവരുന്നു.

കണ്ണൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഹാന്റ്ലൂം ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ ആകർഷണങ്ങളും അതിനൂതനങ്ങളുമായ ഡിസൈനുകൾ ആവിഷ്ക്കരിക്കുന്നതിനുള്ള ഗവേഷണങ്ങൾ നടത്തിവരുന്നു. ഉല്പന്ന വൈവിധ്യവൽക്കരണം ലക്ഷ്യമാക്കി സിൽക്ക്, പോളിസ്റ്റർ തുടങ്ങിയ ഉൽപ്പന്ന ങ്ങൾ നിർമ്മിക്കുന്നതിനും പ്രോത്സാഹനം നൽകി വരുന്നു.

(ഇ) കൈത്തറി തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി ഇപ്പോൾ തന്നെ നിലവിലുണ്ട്.

പാട്ടത്തിന് നൽകിയിട്ടുള്ള സ്ഥലം

112 (1394) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ആന്റണി രാജു :
ശ്രീ. ടി.എസ്. ജോൺ :
ശ്രീ. പി.സി. ജോർജ് :
ഡോ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹെക്ടർ സർക്കാർ സ്ഥലം സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്;

(ബി) പ്രസ്തുത സ്ഥലങ്ങൾക്ക് മൊത്തം എന്തു തുക വില കണക്കാ ക്കപ്പെടുന്നുണ്ട്;

(സി) പ്രസ്തുത സ്ഥലങ്ങളിൽ നിന്ന് എന്തു തുക പാട്ട കുടിശ്ശിക യായി സർക്കാരിന് പിരിഞ്ഞു കിട്ടാനുണ്ട്;

(ഡി) പാട്ട തുക അടയ്ക്കാതിരിക്കുന്നതും പാട്ട കാലാവധി കഴിഞ്ഞ തുമായ വസ്തുക്കൾ തിരികെ എടുക്കുന്നതിന് നടപടികൾ സ്വീകരിച്ചി ട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 1961 90.57 ഹെക്ടർ സ്ഥലം സ്വകാര്യ വ്യക്തി കൾക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്.

(ബി) എല്ലാ ജില്ലകളിലെയും വില കണക്കാക്കിയിട്ടില്ല. കണക്കാ ക്കിയ ജില്ലകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.†

(സി) കുടിശ്ശികയായി 2,31,89,524.70/- രൂപ പിരിഞ്ഞുകിട്ടാനുണ്ട്. (തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിലെ വിവരം ലഭ്യമായി ട്ടില്ല.)

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly

(ഡി)&(ഇ) നടപടി സ്വീകരിച്ചുവരുന്നു. പാട്ടത്തുക അടയ്ക്കാതിരിക്കുന്ന കേസ്സുകളിൽ റവന്യൂ റിക്കവറി നടപടി പ്രകാരം തുക ഈടാക്കുന്നതിനുള്ള നടപടികളും പാട്ടക്കാലാവധി കഴിഞ്ഞ കേസ്സുകളിൽ പാട്ടം പുതുക്കുന്നതിന് അപേക്ഷ നൽകിയിട്ടില്ലെങ്കിൽ കേരള ഭൂമി സംരക്ഷണ നിയമ പ്രകാരം വസ്തുക്കൾ സർക്കാരിലേക്ക് തിരിച്ചെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

താലൂക്ക് സഭകൾ സജീവമാക്കാനുള്ള നടപടി

113 (1397) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് സഭകൾ സജീവമാക്കാൻ സർക്കാർ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്;

(ബി) താലൂക്കുസഭകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സഭ കൂടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സർക്കാർ നടപടികൾ ആവിഷ്ക്കരിക്കുമോ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം കൊയിലാണ്ടി താലൂക്ക് സഭ എത്ര തവണ ചേർന്നുവെന്ന് പറയുമോ;

(ഡി) എത്ര അപേക്ഷകൾ ലഭിച്ചു; അതിൽ എത്ര അപേക്ഷകൾക്ക് പരിഹാരം കാണുകയുണ്ടായിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) താലൂക്ക് സഭകളുടെ പ്രവർത്തനത്തിൽ എന്തെങ്കിലും മാറ്റം വരുത്താനുള്ള നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. താലൂക്കുസഭകൾ കൃത്യമായി വിളിച്ചുകൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് കാലാകാലങ്ങളിൽ നിർദ്ദേശം നൽകുന്നുണ്ട്.

(സി) 12 യോഗങ്ങൾ വിളിച്ചിരുന്നെങ്കിലും 3 യോഗങ്ങൾ മാത്രമേ ചേർന്നിട്ടുള്ളൂ.

(ഡി) 6 അപേക്ഷകൾ ലഭിച്ചു. 6 എണ്ണത്തിലും പരിഹാരം കണ്ടു.

സംസ്ഥാന വില്ലേജ്/താലൂക്ക്/കളക്ടറേറ്റ് എന്നീ ഓഫീസുകൾ ഇന്റർനെറ്റുമായി ബന്ധപ്പെടുത്തണമെന്ന ആവശ്യം

114(1401) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ഇന്റർനെറ്റിലൂടെ ബന്ധിപ്പിക്കാനുള്ള പദ്ധതിയുണ്ടോ;

(ബി) ഇക്കാര്യത്തിൽ നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ സഹകരണം തേടിയിട്ടുണ്ടോ;

(സി) വില്ലേജ് ഓഫീസുകളും താലൂക്ക് ഓഫീസുകളും കളക്ടറേറ്റുകളും ഇന്റർനെറ്റിലൂടെ ബന്ധിപ്പിക്കുവാൻ പദ്ധതിയുണ്ടോ എന്ന് വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം-VIII

3-3-2000-ത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 112 (1394) ദയവായി കാണുക

അനുബന്ധം

ജില്ല	വിസ്തീർണ്ണം (ഹെക്ടർ)	വില
കൊല്ലം	289.57.31	188,51,37,200.00
പാലക്കാട്	4.78.89	9,74,186.00
മലപ്പുറം	25.34.49	46,13,294.00
കോഴിക്കോട്	30.47.57	2,62,38,224.00
വയനാട്	10.21.45	5,00,508.00
കണ്ണൂർ	3.95.11	94,72,109.00

അനുബന്ധം-IX

3-3-2000-ത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 117 (1405) ദയവായി കാണുക

GOVERNMENT OF INDIA
MINISTRY OF AGRICULTURE
DEPARTMENT OF AGRICULTURE & CO-OPERATION
KRISHI BHAVAN, DR. RAJENDRA PRASAD ROAD, NEW DELHI-110 001

F.No.1-21/95-NDM Dated: 21.3.1997

To

Shri. K. Mohandas,
Secretary (Relief & Revenue),
Government of Kerala,
Trivandrum-695 001

Sub: Items and norms of assistance, the expenditure on which alone will be chargeable to the Calamity Relief Fund.

Sir,

The Tenth Finance Commission (TFC) had reviewed the existing scheme of financing relief expenditure in the wake of natural calamities. Govt. of India accepted the recommendation relating to the continuation of the scheme of Calamity Relief Fund (CRF) with an enhanced corpus. The TFC had also recommended setting up of a Committee by the Ministry of Agriculture to draw up the list of items, the expenditure on which alone will be chargeable to the CRF. The norms for the amounts that can be given or spent under each of the approved items are required to be prescribed by the State Level Committee and

LIBRARY ARCHIVES Kerala Legislative Assembly